# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3711 23/08/2017 ൽ മറുപടിക്ക്**

## ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.സ്വരാജ്:** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും കൂടുതൽ പ്രോത്സാഹനങ്ങൾ നൽകുന്നതിലേക്കായി ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്നും അറിയിക്കുമോ; | സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. **സംരംഭകത്വ സഹായ പദ്ധതി**<br>• പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടിക വർഗ്ഗ സംരംഭകർക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു.<br>• മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.<br>• ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.<br>• കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരാമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും.<br>2. **ഇ.ഡി.ക്ലബ്ബ്**<br>വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. |

| | |
|---|---|
| | **3. ഇൻകുബേഷൻ സെന്ററുകൾ :**<br>വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിന് സഹായിക്കുകയാണ് ഇൻകുബേഷൻ സെന്ററുകളുടെ ലക്ഷ്യം. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ, തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br><br>ഈ സാമ്പത്തിക വർഷം മുതൽ സംസ്ഥാന തലത്തിൽ കേരളത്തിന്റെ തനത് ഉല്പന്നങ്ങളുടെ പ്രദർശന -വിൽപന മേള 'മാമാങ്കം' എന്ന പേരിൽ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതികവിദ്യ പ്രദാനം ചെയ്യുന്നതിനും ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിനും കലാലയങ്ങളെയും ഗവേഷണ സ്ഥാപങ്ങളേയും സജ്ജമാക്കുന്നതിനായി Industry - Varsity Linkage പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ വീടുകളോടനുബന്ധിച്ച് 5 എച്ച്.പി വരെ വൈദ്യുതി ഉപയോഗിക്കുന്ന ചെറുസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'നാനോ ഗാർഹിക വ്യവസായ പദ്ധതി' നടപ്പിലാക്കുന്നതിനും വിഭാവനം ചെയ്യുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**